KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

# MSMEs need to scale up online presence by leveraging ONDC platform: Minister P Rajeeve

**Thiruvananthapuram, Nov. 06:** With e-commerce growing at tremendous pace, Micro, Small and Medium Enterprises (MSMEs) in Kerala should scale up online marketing of their products by leveraging digital platforms like ONDC, Minister for Industries, Law and Coir Shri P Rajeeve said.

The Minister was addressing a workshop organised by the Department of Industries and Commerce (DI&C) on making use of ONDC (Open Network for Digital Commerce), as part of Keraleeyam festival here on Sunday.

An initiative of the Ministry of Commerce and Industry, Government of India, ONDC (Open Network for Digital Commerce), has proved a highly effective digital platform for tapping local, national and global markets for a wide range of products from MSMEs, Shri Rajeeve noted.

However, MSMEs from Kerala are yet make a strong presence on ONDC though a whole range of products from the state enjoy a high reputation for their distinct features and quality, he said.

The DI&C will be organising training programmes across the state to facilitate MSMEs and traditional sector ventures to place their products on the ONDC platform to gain greater market visibility and enable consumers from any part of the world to place online orders for them, he said.

The week-long Keraleeyam, which has successfully showcased the strides made by Kerala in multiple sectors and presents the state's unique socio-cultural features before a larger audience, could in subsequent years become a global event like Dubai Shopping Festival. Just like Tourism, the industrial landscape of Kerala is also on the cusp of a qualitative transition, Shri Rajeeve added.

Shri A. P. M. Mohammed Hanish, Principal Secretary, (Industries), Government of Kerala, spoke on the key features of ONDC and called for effectively leveraging of it by enterprises.

DPIIT Director Dr Bejoy John IRS; Shri K Ajith Kumar, Executive Chairman, Board for Public Sector Transformation; KINFRA Managing Director Shri Santhosh Koshy Thomas; ONDC Senior Vice-President Shri Nitin Nair; DI&C Additional Director, Shri G Rajeev; Co-founder of Rapidor, Shri Thomson Scaria and KSSIA State President Shri A Nisaruddin also spoke.

**ENDS**

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ്                                                                                                    06.11.2023

## ഒഎൻഡിസി പ്ലാറ്റ്ഫോമിലൂടെ എംഎസ്എംഇ ഉത്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യമാക്കും: മന്ത്രി പി.രാജീവ്

**തിരുവനന്തപുരം:** സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) ഒഎൻഡിസി പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിലൂടെ പ്രാദേശിക ഉത്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യമാകുമെന്ന് വ്യവസായ മന്ത്രി പി.രാജീവ്. കേരളീയം പരിപാടിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് നടന്ന ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒഎൻഡിസി) ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുത്തക കമ്പനികളുടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ നിന്ന് നമ്മുടെ ഉത്പന്നങ്ങൾ കണ്ടെത്തുക ശ്രമകരമാണ്. ഒഎൻഡിസി ഉത്പന്നങ്ങളുടെ ദൃശ്യത ഉറപ്പാക്കുകയും എവിടെയിരുന്നും ഓൺലൈനായി സാധനങ്ങൾ അതിവേഗത്തിൽ വാങ്ങൽ സാധ്യമാക്കുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലെ ഉത്പന്നങ്ങൾക്ക് ലോകവ്യാപകമായി മികച്ച വിപണിയുണ്ടെന്നും അത് ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം ജില്ലാതലങ്ങളിൽ സംഘടിപ്പിക്കുന്നതായും മന്ത്രി പറഞ്ഞു. വ്യവസ്ഥകൾ പാലിക്കുന്ന ഉത്പന്നങ്ങൾക്ക് കേരള ബ്രാൻഡ് പദവി നൽകും. എല്ലാ എംഎസ്എംഇകളുടെയും ഉത്പന്നങ്ങൾക്കുള്ള വിപണി ഉറപ്പുവരുത്താൻ ഒഎൻഡിസിയിലൂടെ സാധിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കേരളത്തിന്റെ സവിശേഷതകളാകെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ചരിത്ര സന്ദർഭമാണ് കേരളീയം. ദുബായ് ഫെസ്റ്റിവൽ പോലെ ഭാവിയിൽ നവംബർ ആദ്യ ആഴ്ച ലോകമാകെ കേരളം കാണാൻ വരുന്ന രൂപത്തിൽ കേരളീയം മാറുമെന്നാണ് പ്രതീക്ഷ. ടൂറിസത്തിന് പുറമേ വ്യവസായത്തിനും കേരളീയം പുത്തനുണർവ് പകർന്നതായും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, ഡിപിഐഐടി ഡയറക്ടർ ഡോ.ബിജോയ് ജോൺ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത്കുമാർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് എ. നിസറുദീൻ, ഒഎൻഡിസി സീനിയർ വൈസ് പ്രസിഡന്റ് നിതിൻ നായർ, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ജി. രാജീവ്, റാപിഡോർ സഹ സ്ഥാപകൻ തോംസൺ സ്കറിയ എന്നിവർ സംസാരിച്ചു.